## പതിനാലാം കേരള നിയമസഭ
## (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി IX
## (SUBJECT COMMITTEE IX)

# തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
# (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**രണ്ടാമത് റിപ്പോർട്ട്**
**(2017-2018)**

**SECOND REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2017-2018)**

2017 ഏപ്രിൽ 25-ാം തീയതി സമർപ്പിച്ചത്
(Presented on 25th April, 2017)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2017

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2017

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്റ്റ് കമ്മിറ്റി IX
# (SUBJECT COMMITTEE IX)

## തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും
## (LOCAL ADMINISTRATION, RURAL DEVELOPMENT AND HOUSING)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
രണ്ടാമത് റിപ്പോർട്ട്

(2017-2018)

SECOND REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2017-2018)

451/2017.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്ട് കമ്മിറ്റി IX
## (തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും)
## (2016-2018)

### ഘടന

ചെയർമാൻ :

ഡോ. കെ. ടി. ജലീൽ,

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗം :

ശ്രീ. ഇ. ചന്ദ്രശേഖരൻ,

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീമതി പി. അയിഷാ പോറ്റി

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. അനിൽ അക്കര

ശ്രീ. കെ. ആൻസലൻ

ശ്രീ. കെ. ബാബു

ശ്രീ. കെ. എസ്. ശബരീനാഥൻ

ശ്രീ. പി. ഉബൈദുള്ള

ശ്രീ. പി. വി. അൻവർ

ശ്രീ. ഇ. കെ. വിജയൻ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു. കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എസ്. ബിജു, അണ്ടർ സെക്രട്ടറി.

# അവതാരിക

2017-2018 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിധിയിൽപ്പെടുന്ന ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധന സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

2017 മാർച്ച് 27, ഏപ്രിൽ 11 എന്നീ തീയതികളിൽ സമിതി യോഗംചേർന്ന് കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും മാർഗ്ഗനിർദ്ദേശരേഖകളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം ചുവടെ ചേർത്ത ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന ചെലവിനങ്ങൾ പരിശോധിച്ചു

| | | |
|---|---|---|
| ധനാഭ്യർത്ഥന നമ്പർ XXI | — | ഭവനനിർമ്മാണം |
| ധനാഭ്യർത്ഥന നമ്പർ XXII | — | നഗരവികസനം |
| ധനാഭ്യർത്ഥന നമ്പർ XXV | — | പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്കവിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം സംബന്ധിച്ച മൂലധന ചെലവ് |
| ധനാഭ്യർത്ഥന നമ്പർ XXVIII | — | പലവക സാമ്പത്തിക സർവ്വീസുകൾ |
| ധനാഭ്യർത്ഥന നമ്പർ XXXV | — | പഞ്ചായത്ത് |
| ധനാഭ്യർത്ഥന നമ്പർ XXXVI | — | ഗ്രാമവികസനം |
| ധനാഭ്യർത്ഥന നമ്പർ XLVI | — | സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും |

ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ യോഗങ്ങളിൽ ഹാജരായ ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപംനൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

ഈ റിപ്പോർട്ട് 2017 ഏപ്രിൽ 19-ാം തീയതി ചേർന്ന യോഗത്തിൽ അംഗീകരിച്ചു.

ഡോ. കെ. ടി. ജലീൽ,
അദ്ധ്യക്ഷൻ,
സബ്ജക്ട് കമ്മിറ്റി *IX*.

തിരുവനന്തപുരം,
2017 ഏപ്രിൽ 20.

# റിപ്പോർട്ട്

2016 ജൂലൈ 7-ാം തീയതിയിലെ 26-ാം നമ്പർ ബുള്ളറ്റിൻ (ഭാഗം 2) പ്രകാരം പതിനാലാം കേരള നിയമസഭയുടെ സബ്ജക്ട് കമ്മിറ്റികൾ രൂപീകരിക്കപ്പെട്ടു.

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 235(1) പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം സബ്ജക്ട് കമ്മിറ്റിയുടെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകൾ 2017 മാർച്ച് 27, ഏപ്രിൽ 11 എന്നീ തീയതികളിൽ യോഗംചേർന്ന് സമിതി പരിശോധിക്കുകയുണ്ടായി. സമിതിയുടെ സൂക്ഷ്മ പരിശോധനയുടെയും, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ലഭിച്ച കുറിപ്പുകളുടെയും, ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച അധിക വിവരങ്ങളുടെയും അടിസ്ഥാനത്തിൽ സമിതി ധനാഭ്യർത്ഥനകൾ വിശകലനം ചെയ്യുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ധനാഭ്യർത്ഥനയെ സംബന്ധിച്ചുമുള്ള സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു:

## ധനാഭ്യർത്ഥന നമ്പർ XXI—ഭവന നിർമ്മാണം

വോട്ട് ചെയ്തത് - 1,74,32,07,000 രൂപ

ചാർജ്ജ് ചെയ്തത് - 1,01,000 രൂപ

2216-80-103-99—സംസ്ഥാന ഹൗസിംഗ് ബോർഡ്

(01)-സഹായധനം

വിഹിതം - 90,64,000 രൂപ

1. ദുർബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി നടപ്പിലാക്കിയതിലുള്ള കമ്മി നികത്തുന്നതുൾപ്പെടെ നിലവിലുള്ള ബഡ്ജററ് വിഹിതം അപര്യാപ്തമാകയാൽ ഈ ശീർഷകത്തിൽ 1.0936 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(02) വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് ഭവനനിർമ്മാണം

വിഹിതം - 18,00,000 രൂപ

2. നിലവിലുള്ള ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ 7 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-103-99— (35)എം.എൻ. ലക്ഷം വീട് ലോട്ടറിയിൽ നിന്നുള്ള വരുമാനം

വിഹിതം - 1,000 രൂപ

3. എം.എൻ. ലക്ഷം വീട് പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് നികുതി വകുപ്പ് നടത്തിയ ബമ്പർ ലോട്ടറിയിൽ നിന്ന് നെറ്റ് പ്രോഫിറ്റ് ആയി ലഭിച്ച 616.06 ലക്ഷം രൂപ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് ഇറക്കുകയും കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ 42-ഓളം കോളനികളിൽ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായുള്ള പ്രോജക്റ്റിന് സർക്കാർ അനുമതി നൽകുകയും ചെയ്തുവെങ്കിലും പ്രസ്തുത തുക നാളിതുവരെ ഹൗസിംഗ് ബോർഡിന് കൈമാറിക്കിട്ടിയില്ലെന്ന് സമിതി മനസ്സിലാക്കുന്നു. <u>ആയതിനാൽ മേൽ പരാമർശിച്ച ബമ്പർ ലോട്ടറിയിൽ നിന്നുള്ള നെറ്റ് പ്രോഫിറ്റായ 616.06 ലക്ഷം രൂപ അടിയന്തരമായി കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് കൈമാറുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2216-80-103-99(37)—<u>ഗൃഹശ്രീ - സബ്സിഡി</u>

വിഹിതം - 21,76,00,000 രൂപ (പദ്ധതി)

4. അപേക്ഷകർ ധാരാളമുള്ളതിനാൽ നിലവിലെ വിഹിതം പര്യാപ്തമല്ല ആയതിനാൽ <u>ഈ ശീർഷകത്തിലേക്ക് 18 കോടി 24 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2216-80-103-99 (38)—<u>ട്രെയിനിംഗ് പ്ലാൻ</u>

വിഹിതം - 50,00,000 രൂപ (പദ്ധതി)

5. ഓഫീസ് ആധുനീകരണത്തിനും വീഡിയോ കോൺഫറൻസിംഗ് സൗകര്യം ഒരുക്കുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2216-80-103-98—<u>മുഖ്യമന്ത്രിയുടെ കടാശ്വാസ പദ്ധതി</u>

വിഹിതം - 1,000 രൂപ

6. പദ്ധതി നടത്തിപ്പിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ <u>ഈ ശീർഷകത്തിൽ 11.89 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

2216-80-001-99-01—<u>ശമ്പളം</u>

വിഹിതം - 41,24,000 രൂപ

7. ഒഴിഞ്ഞുകിടന്ന തസ്തികകൾ നികത്തിയതിനാലും ശമ്പളപരിഷ്കരണ കുടിശ്ശിക നൽകുന്നതിനും നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരമുള്ള തുക അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

ശമ്പളം - 10,00,000 രൂപ

ക്ഷാമബത്ത - 4,00,000 രൂപ

വീട്ടുവാടക അലവൻസ് - 1,00,000 രൂപ

2216-80-001-99-21—മോട്ടോർ വാഹനങ്ങൾ

വിഹിതം - ഇല്ല

8. നിലവിലെ വാഹനം വളരെ പഴക്കം ചെന്നതായതിനാലും പുതിയ വാഹനം വാങ്ങുന്നതിന് ബഡ്ജറ്റിൽ വിഹിതമൊന്നും അനുവദിച്ചിട്ടില്ലാത്തതിനാലും ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം - 5,000 രൂപ

9. നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 20,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-98-17—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ്

വിഹിതം - 2,00,00,000 രൂപ

10. നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-97(01)—സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം - 25,11,00,000 രൂപ

11. പദ്ധതി നടത്തിപ്പിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ മേൽശീർഷകത്തിൽ 5 കോടി 99 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-94—നിയമസഭാ സാമാജികരുടെ ഹോസ്റ്റലിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും (സിവിലും ഇലക്ട്രിക്കലും)

വിഹിതം - 1,30,00,000 രൂപ

12. പദ്ധതി നടത്തിപ്പിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 70 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-053-95— തിരുവനന്തപുരം നഗരത്തിലെ മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം - 2,16,00,000 രൂപ

13. മന്ത്രിമാരുടെ ക്വാർട്ടേഴ്സിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി പദ്ധതിയേതരത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 01- അറ്റകുറ്റപ്പണികൾ, 02- പ്രത്യേക അറ്റകുറ്റപ്പണികൾ, 03-വൈദ്യുത സാമഗ്രികളുടെ സംരക്ഷണം ഉൾപ്പെടെ ആകെ 35 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-052-96—യന്ത്രോപകരണങ്ങളും പണിയായുധങ്ങളും ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ

വിഹിതം - 42,78,000 രൂപ

14. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 10.57 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-05-001-99—ഭരണവും നടത്തിപ്പും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ

വിഹിതം - 6,11,20,000 രൂപ

15. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 1 കോടി 51 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-190-99—കേരള സ്കൂൾ ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷൻ വായ്പകൾ

വിഹിതം - ഇല്ല

16. കേരള സ്കൂൾ ടീച്ചേഴ്സ് ആന്റ് നോൺ ടീച്ചിംഗ് സ്റ്റാഫ് വെൽഫെയർ കോർപ്പറേഷന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പലിശ സബ്സിഡി നൽകുന്നതിനായി 52.65 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-190-99 —ഭവനനിർമ്മാണം

17. ഉദ്യോഗസ്ഥർക്ക് ശമ്പളം, പേ-റിവിഷൻ അരിയർ, ആഡിറ്റ് ഫീസ് എന്നിവ നൽകുന്നതിന് ബഡ്ജറ്റിൽ വിഹിതമൊന്നും വകയിരുത്തിയിട്ടില്ല. ആയതിനാൽ മേൽ ശീർഷകത്തിൽ 20 ലക്ഷം രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2216-80-101-99 —നിർമ്മിതി കേന്ദ്രങ്ങൾ

വിഹിതം - 3,65,00,000 രൂപ (പദ്ധതി)

18. നിർമ്മിതി പ്രൊഡക്ഷൻ സെന്ററുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി തിരുവനന്തപുരം, പാലക്കാട് സെന്ററുകൾക്കായി ഓരോ ടിപ്പറും തിരുവനന്തപുരം സെന്ററിന് ഒരു ജെ.സി.ബി.യും വാങ്ങുന്നതിലേക്കായി പദ്ധതിയിനത്തിൽ 59 ലക്ഷം രൂപ അധികമായും നിർമ്മിതി കേന്ദ്രത്തിന്റെ ആസ്ഥാന മന്ദിരത്തിന്റെയും റീജിയണൽ സെന്ററുകളുടെയും നവീകരണത്തിനായി പദ്ധതിയേതരയിനത്തിൽ 30 ലക്ഷം രൂപയും അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-97 —ടി ആന്റ് പി ഷെയർ ഡെബിറ്റ്

വിഹിതം - 10,38,000 രൂപ (പദ്ധതി)

19. ഷെയർ ഡെബിറ്റ് ട്രാൻസ്ഫറിന് മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി 83.32 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-195-99(05)— സഹകരണ വകുപ്പ്

വിഹിതം - 50,00,000 രൂപ (പദ്ധതി)

20. അംഗ സംഘങ്ങൾക്ക് സർക്കാർ ഓഹരി വിഹിതം നൽകുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 2.5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-80-201-98—വർക്കിംഗ് വിമൻസ് ഹോസ്റ്റൽ 60% കേന്ദ്ര വിഹിതം 15,00,00,000 (കേന്ദ്രവിഹിതം 9 കോടി, സംസ്ഥാന വിഹിതം 6 കോടി)

21. നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ കേന്ദ്ര വിഹിതത്തിന് ആനുപാതികമായി സംസ്ഥാന വിഹിതമായ 2 കോടി 42 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-98-02—സർക്കാർ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സ് (വൻകിട മരാമത്തു പണികൾ)

വിഹിതം - 7,41,35,000 രൂപ (പദ്ധതി)

22. നിലവിലുള്ള പദ്ധതി വിഹിതം പര്യാപ്തമല്ലാത്തതിനാൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-98(3)—സർക്കാർ ജീവനക്കാർക്കുള്ള ഹോസ്റ്റൽ-വൻകിട മരാമത്ത് പണികൾ

വിഹിതം - ഇല്ല (പദ്ധതി)

23. സർക്കാർ ജീവനക്കാർക്കുള്ള ഹോസ്റ്റൽ നിർമ്മാണത്തിന് ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(04) സീനിയർ ഓഫീസർമാർക്കുള്ള പാർപ്പിട പദ്ധതി - വൻകിട മരാമത്തു പണികൾ

വിഹിതം - ഇല്ല (പദ്ധതി)

24. ഉന്നത ഉദ്യോഗസ്ഥരുടെ പാർപ്പിട പദ്ധതി നടത്തിപ്പിലേക്കായി നടപ്പു വർഷം ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ ശീർഷകത്തിൽ 13.519 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-98 (08)—അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സ് നിർമ്മാണം - വൻകിട മരാമത്ത് പണികൾ

വിഹിതം - 1,00,00,000 രൂപ (പദ്ധതി)

25. പദ്ധതി നടത്തിപ്പിനായി നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ 24 കോടി രൂപ അധികമായി അനുവദിക്കാൻ സമിതി ശിപാർശ ചെയ്യുന്നു.

4216-01-106-99 —ഭരണവും നടത്തിപ്പും എസ്റ്റാബ്ലിഷ്മെന്റ് ഷെയർ ഡെബിറ്റ് ട്രാൻസ്ഫർ

വിഹിതം - 1,48,27,000 രൂപ (പദ്ധതി)

26. മറ്റ് ശീർഷകങ്ങൾക്ക് ആനുപാതികമായി ഷെയർ ഡെബിറ്റ് ശീർഷകത്തിൽ 11.9038 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6216-80-201-96-(01)—ഹരിപ്പാട് റവന്യൂ ടവർ

വിഹിതം - ഇല്ല

27. പദ്ധതി ചെലവായ 19.92 കോടി രൂപയിൽ സർക്കാർ വിഹിതമായ 2.848 ലക്ഷം രൂപ മേൽ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXII—നഗരവികസനം

വോട്ട് ചെയ്തത് - 15,53,32,67,000 രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

2217-05-001-64—മുനിസിപ്പാലിറ്റികൾക്ക് ഡെവലപ്മെന്റ് പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള പദ്ധതികൾ

വിഹിതം - 2,20,00,000 രൂപ (പദ്ധതി)

28. മാസ്റ്റർ പ്ലാൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും പ്രോജക്ട് സെല്ലിന്റെ പ്രവർത്തനത്തിനുമായി നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-001-65—ജില്ലാ പ്ലാനിംഗ് ഓഫീസുകളിലെ ശമ്പളവും എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളും

വിഹിതം - 23,72,40,000 രൂപ

01-4 -മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ്

29. വിവിധ ജില്ലാ ഓഫീസുകളിൽ 2013 മുതലുള്ള മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് കുടിശ്ശികയായി നിലനിൽക്കുന്നതിനാൽ നിലവിലെ ബജറ്റ് വിഹിതം പര്യാപ്തമല്ല ആയതിനാൽ ഈയിനത്തിൽ 3 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

06 -വാടക, കരം, നികുതി

30. ജില്ലാ ഓഫീസുകളുടെ വാടക തുക കൊടുത്തു തീർക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21 -മോട്ടോർ വാഹനം

31. പുതിയ വാഹനങ്ങൾ വാങ്ങുന്നതിനും പഴയവ പുതുക്കുന്നതിനുമായി നിലവിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ മേൽ ശീർഷകത്തിൽ 90 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21-2 -അറ്റകുറ്റപ്പണികളും മെയിന്റനൻസും

32. വാഹനങ്ങളുടെ സുരക്ഷാചെലവും അറ്റകുറ്റപ്പണിയും നടത്തുന്നതിന് നിലവിൽ അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 25,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45 -പി. ഒ. എൽ.

33. അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 25,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-001-69—നഗരാസൂത്രണ വകുപ്പിന്റെ നവീകരണവും കമ്പ്യൂട്ടർവൽക്കരണവും

വിഹിതം - 55,00,000 രൂപ (പദ്ധതി)

34. നഗരാസൂത്രണ വകുപ്പിന്റെ നവീകരണത്തിനും കമ്പ്യൂട്ടർവൽക്കരണത്തിനുമായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ പ്രസ്തുത ചെലവുകൾക്കായി മേൽ ശീർഷകത്തിൽ 45 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-001-99—മുഖ്യനഗരാസൂത്രകന്റെ ഓഫീസ്

വിഹിതം - 4,87,75,000 രൂപ

21-1 മോട്ടോർ വാഹനങ്ങൾ

21-2-സംരക്ഷണവും അറ്റകുറ്റപ്പണികളും

35. മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 21-1 മോട്ടോർ വാഹനങ്ങൾ, 21-2-മോട്ടോർ വാഹനസംരക്ഷണവും അറ്റകുറ്റപ്പണികളും എന്നീ ഇനങ്ങളിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45-പി. ഒ. എൽ.

36. മുഖ്യനഗരാസൂത്രകന്റെ ഓഫീസിലെ ശമ്പളവും മറ്റ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കുമായി അനുവദിച്ച ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 45-പി.ഒ.എൽ. എന്ന ഇനത്തിൽ 50,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-05-051-98—പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികൾക്ക് കെട്ടിട നിർമ്മാണം

വിഹിതം - 10,00,00,000 രൂപ (പദ്ധതി)

37. പുതുതായി രൂപംകൊണ്ട മുൻസിപ്പാലിറ്റികളിൽ കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് നിലവിലെ ബജറ്റ് വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി ഈ ശീർഷകത്തിൽ 17 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2217-80-800-71—നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ സംവിധാനം

വിഹിതം - 19,09,00,000 രൂപ (പദ്ധതി)

38. ഖരമാലിന്യ സംസ്കരണ സംവിധാനം ഒരുക്കുന്നതിനായി ശുചിത്വ മിഷൻ മുഖേന നടപ്പിലാക്കുന്നതിന് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി ഈയിനത്തിൽ 11 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2217-80-001-92—നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥരുടെ കാര്യശേഷി വർദ്ധിപ്പിക്കലും പരിശീലനവും

വിഹിതം - 25,00,000 രൂപ (പദ്ധതി)

39. നഗരകാര്യവകുപ്പിലെയും മുനിസിപ്പൽ കോമൺസർവ്വീസിലെയും ജീവനക്കാരുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് തിരുവനന്തപുരം ഐ.എം.ജി., തൃശ്ശൂർ കില എന്നീ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന പരിശീലന പരിപാടികൾക്ക് 30 ലക്ഷം രൂപ ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിലേക്ക് 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-003-99-34—നഗര-ഗ്രാമാസൂത്രണത്തിൽ ഉദ്യോഗസ്ഥൻമാർക്കും അപ്രന്റീസുകൾക്കും പരിശീലനം നൽകൽ - മറ്റ് ചെലവുകൾ

വിഹിതം - 10,00,000 രൂപ (പദ്ധതി)

40. നഗരകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് വിവിധ പദ്ധതികളുടെ നടത്തിപ്പിനായി കൂടുതൽ പരിശീലന പരിപാടികൾ നടത്തുന്നതിന് നിലവിലെ വിഹിതം പര്യാപ്തമല്ല. ആയതിനാൽ പ്രസ്തുത ശീർഷകത്തിലേക്ക് 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-800-69 —നഗരപ്രദേശങ്ങളിൽ രാത്രികാല അഭയകേന്ദ്രങ്ങൾ നിർമ്മിക്കൽ

വിഹിതം - 50,00,000 രൂപ (പദ്ധതി)

41. അന്യനാടുകളിൽ നിന്നും തൊഴിലിനായും മറ്റ് ആവശ്യങ്ങൾക്കായും കേരളത്തിലെ നഗരങ്ങളിൽ എത്തുന്ന കുറഞ്ഞവരുമാനക്കാർക്ക് രാത്രികാല അഭയ കേന്ദ്രങ്ങൾ ഒരുക്കുന്നതിനായി ബജറ്റിൽ വകയിരുത്തിയിട്ടുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 50 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2217-80-800-76 —അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

വിഹിതം - 25,10,00,000 രൂപ (പദ്ധതി)

42. സാമ്പത്തിക വർഷത്തിൽ 100 ദിവസം തൊഴിൽ നൽകുന്നതിന് നിലവിലുള്ള വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2217-05-800-72—ഹരിതകേരള മിഷൻ (നഗരം)

വിഹിതം - 1,00,00,000 രൂപ (പദ്ധതി)

43. ജലവിഭവ സംരക്ഷണവും മാലിന്യ സംസ്കരണവും ജൈവ പച്ചക്കറി കൃഷിയും കോർത്തിണക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിക്ക് നിലവിലെ വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി മേൽ ശീർഷകത്തിൽ 9 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2217-05-192-77—ശബരിമല തീർത്ഥാടനത്തിനുള്ള പ്രത്യേക ഗ്രാന്റ്

വിഹിതം - 80,00,000 രൂപ

44. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട മുൻസിപ്പാലിറ്റികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി 1 കോടി 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXV—പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നോക്ക വിഭാഗങ്ങൾ/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം

വോട്ട് ചെയ്തത് - 33,08,88,65,000 രൂപ

ചാർജ്ജ് ചെയ്തത് - 3000 രൂപ

2225-04-001-99-01-3 —വീട്ടുവാടക അലവൻസ്

വിഹിതം - ഇല്ല

45. വീട്ടുവാടകയിനത്തിൽ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ 4 ലക്ഷം രൂപ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-001-99-06—വാടക, കരം, നികുതി

വിഹിതം - 12,00,000 രൂപ

46. മിക്ക പരിശീലന കേന്ദ്രങ്ങളും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിനാൽ വാടക, കരം, നികുതി എന്ന ഇനങ്ങളിൽ നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 15 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-92-34 —മറ്റ് ചെലവുകൾ

വിഹിതം - 1,92,00,000 രൂപ

47. വിവിധ പദ്ധതികളുടെ നടത്തിപ്പിന് നിലവിലുള്ള വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിലേക്ക് 20 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-91-31—ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളം

വിഹിതം - 1,57,37,000 രൂപ

48. ശമ്പള പരിഷ്കരണം, ഡി.എ. വർദ്ധനവ്, വാർഷിക വർദ്ധനവ്, ടി.എ./ഡി.എ. ഇനത്തിലുള്ള ചെലവുകൾ എന്നിവ വഹിക്കുന്നതിന് നിലവിലുള്ള വിഹിതം

പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 48.38 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2225-04-102-91-36—ഗ്രാന്റ്-ഇൻ-എയ്ഡ്-ജനറൽ-ശമ്പളേതരം

വിഹിതം - 26,62,000 രൂപ

49. ജില്ലാ കോൺഫറൻസുകൾ, സെമിനാറുകൾ, സിറ്റിംഗുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിനുള്ള ചെലവ്, മെമ്പർമാർക്ക് ഇന്ധന അലവൻസ്, ഓഫീസ് കെട്ടിട വാടക തുടങ്ങിയ ശമ്പളേതര ഇനങ്ങളിലുള്ള എല്ലാ ചെലവുകളും വഹിക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 36.13 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXV—പഞ്ചായത്ത്

വോട്ട് ചെയ്തത് - 11,39,90,77,000 രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

2515-00-101-63—തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രിബ്യൂണൽ

വിഹിതം - 93,67,000 രൂപ

50. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള ട്രിബ്യൂണലിന്റെ പ്രവർത്തനങ്ങൾക്ക് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരമുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

01-4—മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 2,00,000 രൂപ

02—വേജസ് 1,50,000 രൂപ

04-1—യാത്രാബത്ത 2,00,000 രൂപ

04-4—അവധിക്കാല യാത്രാ ആനുകൂല്യം 3,96,000 രൂപ

05-1—വാട്ടർ ചാർജ്ജസ് 3,000 രൂപ

05-3—ടെലഫോൺ ചാർജ്ജസ് 22,000 രൂപ

05-4—മറ്റിനങ്ങൾ 24,000 രൂപ

21-2—സംരക്ഷണവും അറ്റകുറ്റപ്പണികളും 43,000 രൂപ

34-3—മറ്റിനങ്ങൾ 1,00,000 രൂപ

99—വിവരസാങ്കേതികവിദ്യ 5,00,000 രൂപ

2515-00-101-68—ശുചിത്വകേരളം

വിഹിതം -51,67,00,000 രൂപ (പദ്ധതി)

51. ശുചിത്വകേരളം പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി നിലവിൽ അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതം അപര്യാപ്തമായതിനാൽ താഴെപ്പറയും പ്രകാരമുള്ള തുക അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

മഴക്കാലപൂർവ്വ ശുചിത്വ കാമ്പയിൻ —12 കോടി 96 ലക്ഷം രൂപ

ഭരണ ചെലവ് —1 കോടി രൂപ

ഖര/ദ്രവ മാലിന്യ പരിപാലനം/ഗാർഹിക—5,96,20,000 രൂപ

ശുചീകരണം/സാമൂഹിക പരിസ്ഥിതി/ശുചീകരണം.

4515-00-800-98(02)—പി.എം.ജി.എസ്.വൈ. പദ്ധതികൾക്കുള്ള ധനസഹായം (സംസ്ഥാനവിഹിതം)

വിഹിതം - 1,00,00,00,000 രൂപ (പദ്ധതി)

52. സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിലേയ്ക്ക് 14.67 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4515-00-800-98(03)—പി.എം.ജി.എസ്.വൈ പദ്ധതികൾക്കുള്ള ധനസഹായം (അധിക സംസ്ഥാന വിഹിതം)

വിഹിതം - 104,00,00,000 രൂപ (പദ്ധതി)

53. സംസ്ഥാന വിഹിതമായി ഈ ശീർഷകത്തിലേയ്ക്ക് 3 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXVI —ഗ്രാമവികസനം

വോട്ട് ചെയ്തത് - 38,79,10,09,000 രൂപ

ചാർജ്ജ് ചെയ്തത് - 12,000 രൂപ

2501-01-196-48—കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം

വിഹിതം - 6,00,00,000 രൂപ (കേന്ദ്ര വിഹിതം)

4,00,00,000 രൂപ (സംസ്ഥാന വിഹിതം)

54. കേന്ദ്ര-സംസ്ഥാന വിഹിതം ഉൾപ്പെടെ ഈ ശീർഷകത്തിലേയ്ക്ക് 5 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. (കേന്ദ്ര വിഹിതം 3 കോടി + സംസ്ഥാന വിഹിതം 2 കോടി)

2505-02-101-99—മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (90% കേന്ദ്രാവിഷ്കൃത പദ്ധതി)

വിഹിതം - 29,14,00,00,000 രൂപ (കേന്ദ്ര വിഹിതം) 80,00,00,000 രൂപ (സംസ്ഥാന വിഹിതം)

55. വർദ്ധിച്ച മെറ്റീരിയൽ പ്രവർത്തികൾക്ക് ആനുപാതികമായും വരൾച്ച ദുരിതാശ്വാസത്തിനുമായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമാണെന്ന് നിരീക്ഷിച്ച സമിതി 200 കോടി രൂപ അധികമായി അനുവദിക്കണമെന്ന് ശിപാർശ ചെയ്യുന്നു.

2505-02-101-92—എം.ജി.എൻ.ആർ.ജി.പി.ക്കു കീഴിലുള്ള തൊഴിലില്ലായ്മ വേതനം നൽകൽ

വിഹിതം - 1,00,000 രൂപ (പദ്ധതി)

56. പദ്ധതി നടത്തിപ്പിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 9 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2505-02-101-91—എം.ജി.എൻ.ആർ.ഇ.ജി.പി. പദ്ധതിയിൽ വേതനം അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോൾ കൊടുക്കേണ്ടി വരുന്ന നഷ്ടപരിഹാരം

വിഹിതം - 1,00,000 രൂപ (പദ്ധതി)

57. പദ്ധതി നടത്തിപ്പിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 5 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-003-47-34—വികസന പരിശീലന കേന്ദ്രങ്ങളുടെ (ഇ.ടി.സി.) ശാക്തീകരണം

വിഹിതം - 1,50,00,000 രൂപ (പദ്ധതി)

58. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ഇൻ-സർവ്വീസ് പരിശീലനം പൂർത്തീകരിക്കുന്നതിനായി നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2515-00-102-35—നാഷണൽ റർബൻ മിഷൻ

വിഹിതം - ഇല്ല

59. ഓരോ പ്രദേശത്തിന്റെയും സാമ്പത്തിക ഉന്നമനത്തിനും, നൈപുണ്യ വികസനത്തിനും സംരഭകത്വ വികസനത്തിനും പശ്ചാത്തല വികസനത്തിനും ഊന്നൽ നൽകുന്ന പദ്ധതിക്ക് കേന്ദ്ര വിഹിതത്തിന് ആനുപാതികമായ സംസ്ഥാന വിഹിതം ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ മേൽ ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 53 കോടി 33 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLVI —സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

വോട്ട് ചെയ്തത് - 44,27,96,44,000 രൂപ

ചാർജ്ജ് ചെയ്തത് - ഇല്ല

2235-02-101-92—അംഗവൈകല്യമുള്ളവർക്കും, മന്ദബുദ്ധികൾക്കുമായുള്ള പ്രത്യേക പെൻഷൻ പദ്ധതി

വിഹിതം - 4,20,52,27,000 രൂപ

60. ക്ഷേമ പെൻഷൻ നിരക്ക് 1000 രൂപയിൽ നിന്ന് 1100 രൂപയായും 1100 രൂപയിൽ നിന്നും 1300 രൂപയായും വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 49.9919 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-102-96—സാമൂഹ്യസുരക്ഷിതത്വ പദ്ധതിയനുസരിച്ച് 50 വയസിനുമേൽ പ്രായമുള്ളവർക്കുള്ള പെൻഷൻ പദ്ധതി

വിഹിതം - 90,95,81,000 രൂപ

61. ക്ഷേമപെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 48.07 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-102-97—ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി

വിഹിതം - 1,20,03,00,000 രൂപ ( പദ്ധതി)

62. ദേശീയ വാർദ്ധക്യകാല പെൻഷൻ നിരക്ക് 1000 രൂപയിൽ നിന്ന് 1100 രൂപയായി വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും 75 വയസ്സിനുമേൽ പ്രായമുള്ള ഗുണഭോക്താക്കൾക്ക് 1500 രൂപയായി പെൻഷൻ വർദ്ധിപ്പിച്ചതും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 24,45,35,88,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-102-98 —കർഷക തൊഴിലാളി പെൻഷൻ

വിഹിതം - 5,95,03,62,000 രൂപ

63. കർഷക തൊഴിലാളി ക്ഷേമപെൻഷൻ നിരക്ക് 600 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനും ഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 2505 കോടി രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2235-60-102-99 —അഗതികൾക്കുള്ള പെൻഷൻ

വിഹിതം - 14,42,89,79,000 രൂപ

64. അഗതികൾക്കുള്ള ക്ഷേമ പെൻഷൻ നിരക്ക് 800 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുന്നതിനും പെൻഷൻഗുണഭോക്താക്കളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവും കാരണം നിലവിലെ ബഡ്ജറ്റ് വിഹിതം പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിലേയ്ക്ക് 10,69,57,000 രൂപ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതു ശിപാർശ I

കേരള സ്റ്റേറ്റ് പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് "6216-80-190-99" എന്ന ശീർഷകത്തിൽ തുക വകയിരുത്തുന്നതും ഫണ്ട് റിലീസ് ചെയ്യുന്നതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ചർച്ച ചെയ്ത സമിതി, കമ്പനിയായി രജിസ്റ്റർ ചെയ്ത കോർപ്പറേഷനുകൾക്ക് ഗ്രാൻഡ്-ഇൻ-എയ്ഡ് ആയി ബഡ്ജറ്റ് വിഹിതം അനുവദിക്കുന്നതിൽ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കണമെന്നും ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി ധനകാര്യ വകുപ്പ് സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

## പൊതു ശിപാർശ II

ഭവനനിർമ്മാണ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനും വായ്പാ പ്രമാണങ്ങൾ തിരിച്ചു നൽകുന്നതിനും 100 കോടി രൂപ വായ്പ അനുവദിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതി മുമ്പാകെ ആവശ്യപ്പെടുകയുണ്ടായി. ഇക്കാര്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ ധനകാര്യ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

## പൊതുശിപാർശ III

അഖിലേന്ത്യാ സർവ്വീസ് ജീവനക്കാർക്കായുള്ള ക്വാർട്ടേഴ്സ് നിർമ്മാണം പോലെയുള്ള പദ്ധതികളിൽ പ്രീഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യ അവലംബിക്കുന്നതിന്റെ സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2017 ഏപ്രിൽ 20.

ഡോ. കെ. ടി. ജലീൽ,
*അദ്ധ്യക്ഷൻ,*
*സബ്ജക്ട് കമ്മിറ്റി IX.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2017

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.